**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1439**

**14/12/2012 - ൽ മറുപടിയ്ക്ക്**

പി . എം. ജി . എസ് .വൈ യുടെ ഏഴാംഘട്ട പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.എം. വി. ശ്രേയാംസ് കുമാർ

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) പി . എം. ജി . എസ് . വൈ. പദ്ധതിയുടെ ഏഴാം ഘട്ടത്തിൽ ഏറ്റെടുത്തിരിക്കുന്ന വയനാട് ജില്ലയിലെ റോഡുകളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എ) പി.എം.ജി.എസ്.വൈ പദ്ധതിയുടെ ഏഴാം ഘട്ടത്തിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ റോഡുകളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | താലൂക്ക് | റോഡുകളുടെ എണ്ണം |
|---|---|---|
| 1 | സുൽത്താൻ ബത്തേരി | 4 |
| 2 | മാനന്തവാടി | 9 |
| 3 | വൈത്തിരി | 6 |

(ബി) പ്രസ്തുത റോഡുകൾക്ക് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതിപ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

(സി) വയനാട് ജില്ലയിലെ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഏറ്റെടുക്കുന്ന പ്രവർത്തികളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പി.എം.ജി.എസ്.വൈ. ഫേസ് III-VII- ടെണ്ടർ ചെയ്തിട്ടും ഏറ്റെടുക്കാത്ത പ്രവർത്തികൾക്ക് അധിക തുക വകയിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.293/2011/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 23/11/2011

---

പരാമർശം:- മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ.-യുടെ 28-04-11, 17-08-11 തീയതികളിലെ എ.ബി.-889/11/ കെ.എസ്.ആർ.ആർ.ഡി.എ., എ.ബി.1-2322/2010/ കെ.എസ്.ആർ.ആർ.ഡി.എ. നമ്പർ കത്തുകൾ.

## ഉത്തരവ്

പി.എം.ജി.എസ്.വൈ. ഫേസ് III മുതൽ VI വരെ ഫേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 45 റോഡുകൾ വിവിധ വർഷങ്ങളിൽ ടെണ്ടർ ചെയ്തിട്ടും ടെണ്ടർ ഉറപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് റിവൈസ് ചെയ്ത് പണി തുടങ്ങുന്നതിന് അധിക ബാധ്യതയായി 23.25 കോടി രൂപയും കൂടാതെ പി.എം.ജി.എസ്.വൈ. ഫേസ് VII - ലെ 258 റോഡുകൾ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് പുതുക്കി പണിയുന്നതിന് അധിക ബാധ്യതയായി വരുന്ന 67.16 കോടി രൂപയും അനുവദിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ. ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.ജി.എസ്.വൈ. III മുതൽ VI വരെ ഫേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 45 റോഡുകളും ഫേസ് VII -ൽ ഉൾപ്പെട്ടിട്ടുള്ള 258 റോഡുകളും(അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരം) 2011-ലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ പുതുക്കി ടെണ്ടർ ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിലുള്ള ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 4515-00-800-98 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 25 കോടി രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം(ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ. & ഇ.), കേരള, തിരുവനന്തപുരം.
8. ധനകാര്യ വകുപ്പിന്(67399/ഡെവ.3/11/ഫിൻ: തീയതി: 17-11-11 പ്രകാരം)
9. പൊതുഭരണ (എസ്.സി.) വകുപ്പിന്.
10. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

| Sl. No. | District | Block | Package No. | Road Name | Length In Km | Amount As per SOR 2008 | Amount As per SOR 2010 | Difference | % variation |
|---|---|---|---|---|---|---|---|---|---|
| 240 | Wayanad | Kalpetta | KR1406 | Parakkal - Arivaram | 1.62 | 86.60 | 108.60 | 22.00 | 25.40 |
| 241 | Wayanad | Kalpetta | KR1406 | Kolavayal - Moctalmoola | 3.4 | 136.30 | 166.90 | 30.60 | 22.45 |
| 242 | Wayanad | Kalpetta | KR1406 | Thariyode HS - Sixthmile | 2.88 | 117.90 | 143.20 | 25.30 | 21.46 |
| 243 | Wayanad | Kalpetta | KR1406 | Kavummannam - Ikkarathazhepadi | 1.64 | 104.92 | 132.40 | 27.48 | 26.19 |
| 244 | Wayanad | Kalpetta | KR1406 | Veettikkamoola - Mundakkutti | 9.52 | 358.82 | 440.10 | 81.28 | 22.65 |
| 245 | Wayanad | Kalpetta | KR1406 | Cherupuzha - Mannalam | 5.31 | 261.68 | 327.20 | 65.52 | 25.04 |
| 246 | Wayanad | Mananthavady | KR1407 | Aravanazhi - Ambalam | 4.34 | 218.94 | 284.80 | 65.86 | 30.08 |
| 247 | Wayanad | Mananthavady | KR1407 | Kaniyaram - Varinilam | 7.85 | 355.16 | 457.00 | 101.84 | 28.67 |
| 248 | Wayanad | Mananthavady | KR1407 | Punchavayal - Oorkkattumoola | 2.7 | 122.72 | 155.70 | 32.98 | 26.87 |
| 249 | Wayanad | Mananthavady | KR1407 | Tharuvana - Nadakkal | 3.17 | 129.40 | 167.20 | 37.80 | 29.21 |
| 250 | Wayanad | S.Battery | KR1408 | S.Bathery - Manalady | 7.32 | 330.60 | 419.40 | 88.80 | 26.86 |
| 251 | Wayanad | S.Battery | KR1408 | Nadavayal - Veliyambam | 6.07 | 212.67 | 264.80 | 52.13 | 24.51 |
| 252 | Wayanad | S.Battery | KR1408 | Pulppally - Kurichippatta | 3.42 | 139.44 | 174.50 | 35.06 | 25.14 |
| 253 | Wayanad | S.Battery | KR1408 | Vadanakavala - Pachikkaramukk | 1.27 | 57.60 | 74.10 | 16.50 | 28.65 |
| 254 | Wayanad | Mananthavady | KR1409 | Kartikulam - Panavally | 9.06 | 308.75 | 387.60 | 78.85 | 25.54 |
| 255 | Wayanad | Mananthavady | KR1409 | Ondayangadi - Motta | 3.59 | 152.52 | 190.80 | 38.28 | 25.10 |
| 256 | Wayanad | Mananthavady | KR1409 | Estatemukku - Inchimalakadavu | 3.6 | 158.98 | 205.60 | 46.62 | 29.32 |
| 257 | Wayanad | Mananthavady | KR1409 | Kambipalam - Puthusseri | 5.08 | 274.84 | 349.50 | 74.66 | 27.16 |
| 258 | Wayanad | Mananthavady | KR1409 | Niravilpuzha - Churuli | 3.61 | 172.74 | 221.60 | 48.86 | 28.29 |
| Wayanad Total | | | | | 85.45 | 3700.58 | 4671.00 | 970.42 | 26.22 |
| Grand Total | | | | | 630.557 | 26555.71 | 33271.91 | 6716.20 | 25.29 |

## അനുബന്ധം 2

| പാക്കേജ് നമ്പർ | റോഡിന്റെ പേര് | നീളം | തുക |
|---|---|---|---|
| കെ.ആർ 14-06 എ | പാറക്കൽ-അരിവാരം | 1.62 കി.മി | 1.105 കോടി. |
| കെ.ആർ 14-06 ബി | കൊളവയൽ-മൂത്തിമൂല | 3.40 കി മി | 1.738 കോടി |
| കെ ആർ 14-06 സി | തരിയോട് - 6 മൈൽ | 2.88 കി മി | 1.489 കോടി |
| കെ ആർ 14-06 ഡി | കാവുമന്ദം- ഐക്കരതാഴെപ്പടി | 1.64 കി.മി | 1.33 കോടി |
| കെ ആർ 14-06 ഇ | വീട്ടിക്കാമൂല- മുണ്ടക്കുറ്റി | 9.52 കി.മ | 4.670 കോടി |
| കെ ആർ 14-06 എഫ് | ചെറുപുഴ- മന്ദലം | 5.31 കി.മി | 3.352 കോടി |

Lilly
SO